# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഒക്ടോബർ 18

# വാർത്താക്കുറിപ്പ്

---

## പ്രവേശനം 20 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻറ് സയൻസ് കോളജുകളിലെ പി ജി പ്രോഗ്രാമുകളിലേക്കും ട്രെയിനിംഗ് കൊളജുകളിലെ ബി.എഡ് പ്രോഗ്രാമുകളിലേക്കും ഒന്നാം അലോട്ടുമെന്റ് ലഭിച്ചവര്ക്ക് പ്രവേശനത്തിന് റിപ്പോര്ട്ട് ചെയ്യുന്നതിനുള്ള സമയപരിധി ഒക്ടോബർ 20 ന് വൈകിട്ട് 4 വരെ നീട്ടി. ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സപ്ലിമെന്ററി അലോട്ടുമെൻ്റിൽ അപേക്ഷിക്കുന്നതിന് ഒക്ടോബർ 20 ന് വൈകിട്ട് 3 വരെ അവസരമുണ്ടായിരിക്കും.

(പി.ആർ.ഒ/39/1128/2021)

## പരീക്ഷഫലം

2021 മാർച്ചിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം. റഗുലർ (സി.എസ്.എസ്.) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1129/2021)

2021 മാർച്ചിൽ ഐ.ഐ.ആർ.ബി.എസ്. നടത്തിയ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1130/2021)

2021 നവംബറിൽ നടന്ന ബി.സി.എ. - ഓഫ്-കാമ്പസ് സ്പെഷൽ പ്രാക്ടിക്കൽ ഒക്ടോബർ 2021 (ആനുവൽ സ്കീം) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1131/2021)

## അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സെന്റർ ഫോർ ഓൺലൈൻ എജ്യൂക്കേഷനിൽ അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി എ), അസി. പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി ബി) തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കരാർ കാലാവധി, പ്രാരംഭത്തിൽ ഒരു വർഷത്തേയ്ക്കാണെ ങ്കിലുംപ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂന്നുവർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്. അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി എ) തസ്തികയിൽ രണ്ടൊഴിവാണുള്ളത് (പൊതുവിഭാഗം - 1, ഈഴവ - 1). 55 ശതമാനം മാർക്കോടെയുള്ള എം.കോം ബിരുദം, എൻ.ഇ.റ്റി./പിഎച്ച്.ഡി.യാണ് യോഗ്യത. ഓൺലൈൻ ടീച്ചിംഗ്, കണ്ടന്റ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐ.സി.റ്റി. എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് എക്സ്പീരിയൻസ് എന്നീ യോഗ്യതകൾ അഭികാമ്യം. അസി. പ്രോഗ്രാം കോ-ഓർഡിനേറ്റർ (കാറ്റഗറി ബി) തസ്തികയിൽ ഒരൊഴിവാണുള്ളത് (പൊതു വിഭാഗം). 55 ശതമാനം മാർക്കോടെയുള്ള എം.ബി.എ. ബിരുദമാണ് യോഗ്യത. ഓൺലൈൻ ടീച്ചിംഗ്, കണ്ടന്റ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐ.സി.റ്റി. എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് എക്സ്പീരിയൻസ് എന്നീ യോഗ്യതകൾ അഭികാമ്യം.

പ്രതിമാസം സഞ്ചിതനിരക്കിൽ 47000 രൂപ പ്രതിഫലം ലഭിക്കും. 2021 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള നിശ്ചിത അപേക്ഷഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് coe@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ഒക്ടോബർ 25ന് വൈകീട്ട് അഞ്ചിനകം സമർപ്പിക്കണം. 'ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ - സി.ഒ.ഇ. (കാറ്റഗറി ....... (എ/ബി)) എന്ന സബ്ജക്ട് ഹെഡ് ചേർത്തായിരിക്കണം. ഇമെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

അപേക്ഷയ്ക്കൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി എന്നിവ തെളിയിക്കുന്ന

പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർഥികളെ ഓൺലൈൻ അഭിമുഖത്തിൽ പങ്കെടുപ്പിക്കും. ഓൺലൈൻ അഭിമുഖത്തിന്റെ തീയതി പിന്നീട് അറിയിക്കും. റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർഥികൾ വ്യക്തിഗത വിദ്യാഭ്യാസ രേഖകളുടെ അസൽ/ ശരി പകർപ്പുകൾ നിർദ്ദേശാനുസരണം സർവകലാശാലയിൽ പിന്നീട് സമർപ്പിക്കണം. ഒക്ടോബർ ഒന്നിലെ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ/39/1132/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ